**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 200** **16-09-2025 - ൽ മറുപടിയ്ക്ക്**

**ചെമ്പക്കുത്ത് സി.എച്ച്.സി യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് വ്യാപനത്തിന് ശേഷം 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഏറനാട് മണ്ഡലത്തിൽ ചെമ്പക്കുത്ത് സി.എച്ച്.സി.യിൽ ആരംഭിച്ച ഐസൊലേഷൻ വാർഡുകളുടെ നിർമാണ പ്രവൃത്തി നാളിതുവരെ പൂർത്തിയായില്ല എന്നതും കരാർ എടുത്ത ഏജൻസി പാതി വഴിക്കു നിർത്തി പോയതിനാൽ പദ്ധതി തുടങ്ങിയ അവസ്ഥയിൽ തന്നെയാണ് എന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഏറനാട് മണ്ഡലത്തിൽ ചെമ്പക്കുത്ത് സി.എച്ച്.സി.യിൽ ആരംഭിച്ച ഐസൊലേഷൻ വാർഡുകളുടെ നിർമാണത്തിന്റെ 58% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കരാർ ഏറ്റെടുത്തിരുന്ന കരാർ ഏജൻസിക്ക് കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ടി ഏജൻസിയ്ക്ക് ഉപാധികളോടുകൂടി കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതി എപ്പോൾ പുനരാരംഭിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും അറിയിക്കുമോ; നിലവിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ബി) | ഉത്തരം (എ) പിരിവിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ